ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും തുടർന്ന് കോൺട്രാക്ടറെ നിശ്ചയിച്ച് കരാറിൽ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

പദ്ധതി അടങ്കൽ തുക 110.85 കോടിരൂപയാണ്. പീക്കിംഗ് സ്റ്റേഷനായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കരാർ തീയതി മുതൽ 14 മാസം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

65 (410) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കോതമംഗലം നമ്പർ 1 സെക്ഷൻ ഓഫീസ് വിഭജിച്ച് നെല്ലിക്കുഴി പഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

66 (411) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly